നമ്പർ. എ.സി.ഡി.ബി.1/13110/എച്ച്.എസ്.ഇ.

## ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പ്

## ഹയർ സെക്കൻഡറി കോഴ്സ്

## പ്രോസ്പെക്ടസ്

പത്താം ക്ലാസ്സ് പരീക്ഷയ്ക്ക് ഗ്രേഡിങ്ങ് സമ്പ്രദായം നിലവിൽ വന്നതിനാൽ, ഹയർ സെക്കൻഡറി കോഴ്സിൽ പ്രവേശനത്തിനുള്ള സാമ്പ്രദായിക രീതിയ്ക്ക് സമൂലമായൊരു പരിഷ്ക്കാരം അനിവാര്യമായിത്തീർന്നിരിക്കുകയാണ്. പ്രസ്തുത സാഹചര്യത്തിൽ 2005-06 അദ്ധ്യയന വർഷം മുതൽ പ്ലസ് വൺ അഡ്മിഷൻ ഗ്രേഡ് അടിസ്ഥാനമാക്കിയാണ് നടപ്പാക്കുന്നത്. ഈ രീതിയിൽ അഡ്മിഷൻ നടത്തുമ്പോൾ മാനദണ്ഡം ഗ്രേഡ് മാത്രമായിരിക്കും.

പത്താം തരത്തിലെ മൂല്യനിർണ്ണയ സമ്പ്രദായത്തിന് മൂന്ന് വിഭാഗങ്ങളാണ് ഗ്രേഡിങ്ങ് പ്രകാരമുള്ളത്. ഒന്നാം വിഭാത്തിൽ വൈജ്ഞാനിക മേഖലയിലെ വിഷയങ്ങളുടെ പഠനവുമായി ബന്ധപ്പെട്ടും രണ്ടാം വിഭാഗത്തിൽ സഹവൈജ്ഞാനിക മേഖലയിലെ മികവുകളുമായി ബന്ധപ്പെട്ടും, മൂന്നാം വിഭാഗത്തിൽ പഠിതാവിന്റെ വ്യക്തിപരവും സാമൂഹ്യപരവുമായ ശേഷികളുമായി ബന്ധപ്പെട്ടുമുള്ള വിലയിരുത്തലുകളാണ് നടക്കുന്നത്. എന്നാൽ ഇത്തവണത്തെ ഹയർ സെക്കണ്ടറി കോഴ്സ് പ്രവേശനത്തിന് ഒന്നാം വിഭാഗം മാത്രമേ മാനദണ്ഡമായി പരിഗണിക്കുകയുള്ളൂ.

പഴയ സ്കീമിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ മാർക്ക് കൂടി ഗ്രേഡാക്കി മാറ്റിയ ശേഷമായിരിക്കണം. അഡ്മിഷന് പരിഗണിക്കുന്നത്. സി.ബി.എസ്സ്.ഇ, ഐ.സി.എസ്സ്.ഇ. വിദ്യാർത്ഥികൾ, പഴയ സ്കീമിലെ വിദ്യാർത്ഥികൾ, മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും പഠിച്ചവർ, പുതിയ സ്കീമിലെ വിദ്യാർത്ഥികൾ എന്നിങ്ങനെ എസ്.എസ്.എൽ.സിയോ തത്തുല്യ പരീക്ഷയോ ജയിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഒരുമിച്ച് അഡ്മിഷൻ നൽകുന്ന രീതിയിലാണ് പ്രവേശന മാനദണ്ഡങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

### പ്രവേശന യോഗ്യത

പത്താം തരത്തിലെ പുതിയ സ്കീം പ്രകാരമുള്ള പതിമൂന്ന് പേപ്പറുകളിൽ ഓരോന്നിനും ഡി+ ഗ്രേഡെങ്കിലും നേടിയിരിക്കണം. ഡി+ ഗ്രേഡ് എന്നത് 30 ശതമാനം മുതൽ 39 ശതമാനം വരെ മാർക്കാകയാൽ പഴയ സ്കീം വിദ്യാർത്ഥികൾക്കും, സി.ബി.എസ്സ്.ഇ, ഐ.സി.എസ്സ്.ഇ, തുടങ്ങി മറ്റു ശ്രേണികളിൽപ്പെട്ടവർക്കും വൈജ്ഞാനിക വിഷയങ്ങൾക്ക് ഓരോ പേപ്പറിനും കുറഞ്ഞത് 30 ശതമാനം മാർക്ക് നേടി വിജയിച്ചിട്ടുണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### അപേക്ഷാഫാറം

പരിഷ്ക്കരിച്ച അപേക്ഷാ ഫോറത്തിന്റെ മാതൃക ഈ സർക്കുലറിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വർഷം മുതൽ അഡ്മിഷൻ നടത്തുന്നത് ഇതിനായി

പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ് വെയറിന്റെ സഹായത്താലാകയാൽ, മാതൃകയായി നൽകിയിരിക്കുന്ന ഫാറത്തിൽ യാതൊരു മാറ്റവും വരുത്തുവാൻ പാടില്ല.

<u>പ്രവേശന പ്രക്രിയ</u>

അഡ്മിഷൻ സംബന്ധിച്ച കാര്യങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുവാൻ ഒരു അഡ്മിഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രിൻസിപ്പലും ഏറ്റവും സീനിയറായ 2 ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർമാരും ഉൾപ്പെടുന്നതായിരിക്കണം ഈ കമ്മിറ്റി. ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ഇല്ലാത്ത സ്കൂളുകളിൽ പ്രിൻസിപ്പലിന് 2 അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യാൻ അധികാരമുണ്ട്. ഈ കമ്മിറ്റിയ്ക്കായിരിക്കും. അഡ്മിഷന്റെ പൂർണ്ണ ചുമതല. അഡ്മിഷൻ സംബന്ധിച്ച് പരാതിയോ തർക്കമോ ഉണ്ടെങ്കിൽ ഈ കമ്മറ്റി പരിഹരിക്കണം. കമ്മിറ്റിയുടെ തീരുമാനം സ്വീകാര്യമല്ലെങ്കിൽ ഹയർ സെക്കൻഡറി മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി ഒഴികെയുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ് നൽകേണ്ടതില്ല. എന്നാൽ അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്.

അഡ്മിഷൻ സമയത്ത് ചാൻസ് കാർഡ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ അഡ്മിഷനുവേണ്ടി സമയം ചോദിക്കുകയാണെങ്കിൽ 24 മണിക്കൂർ സമയം അനുവദിക്കേണ്ടതാണ്

പ്രവേശനം നൽകുമ്പോൾ ഗ്രേഡിന് ആനുപാതികമായി പോയിന്റ് നൽകുന്നതിന് താഴെ കൊടുത്തിരിക്കുന്ന പട്ടികയാണ് ഉപയോഗിക്കേണ്ടത്

| ഗ്രേഡ് | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| പോയിന്റ് | 9 | 8 | 7 | 6 | 5 | 4 | 3 |

മേൽക്കാണിച്ചിരിക്കുന്ന ഗ്രേഡ് പോയിന്റുകൾ ഉപയോഗിച്ച് മൊത്തം വിഷയങ്ങളുടെ ഗ്രേഡ് പോയിന്റ് ആവറേജ് (GPA) ആദ്യം കാണുക. അതിനുശേഷം വിദ്യാർത്ഥി ആവിശ്യപ്പെട്ടിട്ടുള്ള സബ്ജക്ട് കോംബിനേഷനുമായി/ഗ്രൂപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഗ്രേഡ് പോയിന്റ് ആവറേജ് (GPA) കൂടി അതോടൊപ്പം കൂട്ടി വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് (WGPA) നിർണ്ണയിക്കുക. വ്യത്യസ്തങ്ങളായ സബ്ജക്ട് കോംബിനേഷനുകൾ ഉള്ളതിനാൽ ഗ്രൂപ്പ് വെയിറ്റേജ് നൽകുന്ന വിഷയങ്ങളുടെ സൂചന പ്രോസ്പെക്ടസിൽ കാണിച്ചിരിക്കേണ്ടതാണ്.

ഹയർ സെക്കന്ററി കോഴ്സിന് നിലവിലുള്ള സബ്ജക്റ്റ് കോംബിനേഷനുകൾക്ക് വെയിറ്റേജ് നൽകുന്നതിനു കണിക്കിലെടുക്കേണ്ട വിഷയങ്ങൾ -

A. Science Group

സയൻസ് ഗ്രൂപ്പിൽ Physics, Chemistry, Biology, Mathematics I, Mathematics II എന്നീ വിഷയങ്ങൾക്ക് വെയിറ്റേജ് നൽകേണ്ട കോംബിനേഷനുകൾ :

1. Physics, Chemistry, Mathematics, Biology
2. Physics, Chemistry, Home Science, Biology
3. Physics, Chemistry, Mathematics, Home Science
4. Physics, Chemistry, Mathematics, Geology
5. Physics, Chemistry, Mathematics, Computer Science
6. Physics, Chemistry, Mathematics, Electronics
7. Physics, Chemistry, Computer Science, Geology
8. Statistics, Physics, Chemistry, Mathematics
9. Psychology, Physics, Chemistry, Biology

A. Humanities Group

ഹ്യൂമാനിറ്റീസ് ഗ്രൂപ്പിൽ SS1, SS2, എന്നീ വിഷയങ്ങൾക്ക് വെയിറ്റേജ് നൽകേണ്ട കോംബിനേഷനുകൾ :

1. History, Economics, Political Science, Geography
2. History, Economics, Political Science, Sociology
3. History, Economics, Political Science, Geology
4. History, Economics, Political Science, Music
5. History, Economics, Political Science, Gandhian Studies
6. History, Economics, Political Science, Philosophy
7. History, Economics, Political Science, Social Work
8. Islamic History, Economics, Political Science, Geography
9. Islamic History, Economics, Political Science, Sociology
10. Sociology, Social Work, Psychology, Gandhian Studies
11. History, Economics, Politics, Psychology
12. History, Economics, Politics, Anthropology
13. History, Economics, Geography, Malayalam
14. History, Economics, Geography, Hindi
15. History, Economics, Geography, Arabic
16. History, Economics, Geography, Urdu
17. History, Economics, Geography, Kannada
18. History, Economics, Geography, Tamil

19. (a) History, Economics, Geography, Sanskrit
(b) History, Philosophy, Sanskrit Sahithya, Sanskrit Sasthra

(2) SS1, SS2, Maths 1, Maths 2 എന്നീ വിഷയങ്ങൾക്ക് വെയിറ്റേജ് നൽകേണ്ട കോംബിനേഷനുകൾ :

1. History, Economics, Political Science, Statistics
2. Sociology, Social Work, Psychology, Statistics
3. Economics, Statistics, Anthropology, Social Work

(3) SS1, SS2, English 1, English 2 എന്നീ വിഷയങ്ങൾക്ക് വെയിറ്റേജ് നൽകേണ്ട കോംബിനേഷനുകൾ :

1. Economics, Gandhian Studies, Communicative English, Computer Science
2. Sociology, Journalism, Communicative English, Computer Application
3. Journalism, English Literature, Communicative English, Psychology

C. Commerce Group

(1) SS1, SS2, Maths 1, Maths 2 എന്നിവയ്ക്ക് വെയിറ്റേജ് നൽകേണ്ട കോംബിനേഷനുകൾ :

1. Business Studies, Accountancy, Economic, Mathematics
2. Business Studies, Accountancy, Economic, Statistics
3. Business Studies, Accountancy, Economic, Politics
4. Business Studies, Accountancy, Economic, Computer Application

ഒരു വിദ്യാർത്ഥിയുടെ വിവിധ വിഷയങ്ങളിലെ ഗ്രേഡും വാല്യൂവും ആകെ സ്കോറും ദൃഷ്ടാന്തമായി ചുവടെ ചേർക്കുന്നു.

| Sub | M1 | M2 | E1 | E2 | H | SS1 | SS2 | P | C | B | Mal | Ma2 | IT | Total Score |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Grade | C | C+ | C | D+ | C | C+ | C | C | C+ | C+ | C | C | C | - |
| Grade Value | 4 | 5 | 4 | 3 | 4 | 5 | 4 | 4 | 5 | 5 | 4 | 4 | 4 | 55 |

Sub – Subject
M1 – Malayalam I
M2 – Malayalam II
E1 – English I

E2 – English II
H – Hindi
SS1 – Social Science I
SS2 – Social Science II
P – Physics
C – Chemistry
B – Biology
Ma 1 – Mathematics I
Ma 2 – Mathematics II
IT – Information Technology

ഈ വിദ്യാർത്ഥി സയൻസ് ഗ്രൂപ്പിനാണ് ഒന്നാം ചോയ്സ് നൽകിയിരിക്കുന്നതെങ്കിൽ (WGPA) നിർണ്ണയിക്കേണ്ട വിധം

മൊത്തം വിഷയങ്ങളുടെ ഗ്രേഡ് പോയിന്റ് ആവറേജ് (GPA) - 55
സയൻസ് വിഷയങ്ങളുടെ ഗ്രേഡ് പോയിന്റ് ആവറേജ് (GPA) - 22
ആകയാൽ വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് (WGPA) - $\frac{55 + 22}{13 + 5}$

$$\frac{77}{18} = 4.28$$

വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് (WGPA) സൂത്രവാക്യം

$$\frac{\text{All subjects grade value + Total grade value of subjects to which weightage is given}}{\text{Total no. of subjects + Total no. of subjects to which weightage is given}}$$

എന്നതാണ് വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് (WGPA) കണ്ടെത്തുന്നതിനുള്ള സൂത്രവാക്യം

**<u>പഴയ സ്കീമിലെ വിദ്യാർത്ഥികൾ</u>**

പഴയ സ്കീമിൽ പഠിച്ച വിദ്യാർത്ഥികളുടെ ഗ്രേഡ്‌വാല്യൂ കണ്ടെത്തേണ്ടത് ചുവടെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരമാണ്. അവർക്ക് ഐ.ടി പേപ്പർ ബാധകമല്ലാത്തതിനാൽ പന്ത്രണ്ട് പേപ്പറുകൾ മാത്രമേയുള്ളൂ ലഭിച്ച മാർക്കും മാർക്കിന് ആനുപാതികമായ ലറ്റർ ഗ്രേഡുമാണ് പട്ടികയിൽ നൽകിയിരിക്കുന്നത്.

| Sub | M1 | M2 | E1 | E2 | H | His | Geo | P | C | B | Ma1 | Ma2 | Grade Value |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Maximum Marks | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | - |
| Marks Scored | 40 | 41 | 36 | 37 | 44 | 36 | 40 | 44 | 41 | 43 | 39 | 29 | - |
| Grade (conversion) | A | A | B+ | B+ | A | B+ | A | A | A | A | B+ | C+ | |
| Grade Value | 8 | 8 | 7 | 7 | 8 | 7 | 8 | 8 | 8 | 8 | 7 | 5 | 89 |

Sub – Subject
M1 – Malayalam I
M2 – Malayalam II
E1 – English I
E2 – English II
H – Hindi
His – History
Geo – Geography
P – Physics
C- Chemistry
B – Biology
Ma 1 – Mathematics I
Ma 2 – Mathematics II

മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന വിദ്യാർത്ഥിയുടെ മൊത്തം വിഷയങ്ങളുടെ GPA 89 ആണ്. സയൻസ് വിഷയങ്ങളുടെ GPA -36 അങ്ങനെ വരുമ്പോൾ WGPA

$$\frac{89 + 36}{12 + 5} = \frac{125}{17} = 7.35$$

**<u>ബോണസ് മാർക്ക്</u>**

ഗ്രേഡ് ഉപയോഗിച്ച് അഡ്മിഷൻ നടത്തുമ്പോഴും ബോണസ് മാർക്കിന് അർഹതയുള്ളവർക്ക് പ്രസ്തുത ആനുകൂല്യം നൽകേണ്ടതുമാണ്. GPA യോടൊപ്പം താഴെപ്പറയുന്ന പ്രകാരത്തിൽ പോയിന്റുകൾ നൽകി ഇതു തുടരാവുന്നതാണ്.

| വിഭാഗം | പോയിന്റ് |
|---|---|
| എൻ.സി.സി | 2 |
| സ്ക്കൗട്ട്/ഗൈഡ് | 2 |
| ജവാന്മാരുടേയും എക്സ് സർവീസുകാരുടേയും ആശ്രിതർ | 3 |
| അതേ സ്ക്കൂളിലെ വിദ്യാർത്ഥി | 1 |

**ആദ്യതവണ ജയിക്കാത്തവർ**

ആദ്യതവണ തന്നെ എസ്.എസ്.എൽ.സി. യോ തത്തുല്യ പരീക്ഷയോ ജയിക്കാത്ത അപേക്ഷകരുടെ GPA യിൽ നിന്നും ചാൻസൊന്നിന് ഒരു പോയിന്റ് സ്കോർ വീതം കുറവ് ചെയ്ത് വേണം WGPA നിർണ്ണയിക്കുവാൻ

**മാനേജ്മെന്റ് ക്വോട്ട**

മാനേജ്മെന്റ് ക്വോട്ടയിലുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകുമ്പോഴും ഓരോ പേപ്പറിനും കുറഞ്ഞത് D+ ഗ്രേഡ് നേടിയിരിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് ഉണ്ടായിരിക്കുന്നതല്ല. ഓരോ സബ്ജക്ട് കോംബിനേഷനിലും മാനേജ്മെന്റ് ക്വോട്ടയിലേക്കുള്ള അഡ്മിഷൻ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

**സ്പോർട്ട്സ് സ്ക്കൂൾ പ്രവേശനം**

സ്പോർട്ട്സ് സ്ക്കൂളുകളിൽ പെർഫോമൻസ് ഇന്റർവ്യൂ, എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ അഡ്മിഷൻ നൽകുന്നത്. ആറിനങ്ങളിൽ പെർഫോം ചെയ്യുമ്പോൾ മികവിനനുസരിച്ച് അഞ്ച് രീതിയിൽ തരം തിരിക്കുന്നതിന് അവസരം ഒരുക്കണം. താഴെ കാണുന്ന പട്ടിക ഉപയോഗിച്ച ഗ്രേഡ് സ്കോർ ആയി മാറ്റേണ്ടതാണ്.

| ഗ്രേഡ് | A | B | C | D | E |
|---|---|---|---|---|---|
| പോയിന്റ് | 5 | 4 | 3 | 2 | 1 |

ഈ രീതിയിൽ ആറ് ഇനങ്ങളിലേക്കും ഓരോ കുട്ടിയുടേയും ഗ്രേഡും അതിനാനുപാതികമായ സ്കോറും കണ്ടശേഷം ആറ് ഇനങ്ങളുടേയും ആകെ ഗ്രേഡ്-സ്കോർ കാണേണ്ടതാണ്. ഇന്റർവ്യൂവിന് മുമ്പ് 15 മാർക്ക് നൽകിയിരുന്നതിന് പകരം 5/4/3/2/1 എന്നിങ്ങനെ സ്കോർ നൽകണം. ആകെ ഗ്രേഡ് സ്കോറിനോട് ഇന്റർവ്യൂ സ്കോറും കൂട്ടിയതിന് ശേഷം ലഭിക്കുന്ന സ്കോറിന്റെ WGPA കണ്ട്, അതിനെ കൂടിയതിൽ നിന്നും കുറഞ്ഞതിലേയ്ക്ക് ക്രമീകരിച്ച അഡ്മിഷൻ ക്രമനമ്പർ നിർണ്ണയിക്കണം.

ഇത്തരത്തിൽ പെർഫോമൻസ് മുഖാന്തിരം അഡ്മിഷൻ നൽകുന്ന സ്ഥാപനങ്ങളിൽ സമാന രീതികൾ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുമതി വാങ്ങി മാത്രം നിർവഹിക്കേണ്ടതാണ്.

## സീറ്റ് സംവരണം

നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ ഗ്രേഡിംഗ് സമ്പ്രദായത്തിലും മാറ്റമില്ലാതെ തുടരേണ്ടതാണ്. സംവരണ ക്രമത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | സർക്കാർ സ്കൂളുകൾ | എയ്ഡഡ് സ്കൂളുകൾ | എയ്ഡഡ് /ന്യൂനപക്ഷ/പിന്നോക്ക സമുദായ മാനേജ്മെന്റ് സ്കൂളുകൾ |
|---|---|---|---|
| ഓപ്പൺ മെരിറ്റ് | 60 | 50 | 40 |
| മാനേജ്മെന്റ് ക്വാട്ട | – | 30 | 40 |
| ഈഴവ | 8 | – | – |
| മുസ്ലീം | 7 | – | – |
| ലാറ്റിൻ/എസ്.ഐ.യു.സി | 1 | – | – |
| മറ്റു പിന്നോക്ക ക്രിസ്തീയ സമുദായം | 1 | – | – |
| മറ്റു പിന്നോക്ക ഹിന്ദു സമുദായം | 3 | – | – |
| ഷെഡ്യൂൾഡ് കാസ്റ്റ് | 12 | 12 | 12 |
| ഷെഡ്യൂൾഡ് ട്രൈബ് | 8 | 8 | 8 |

ഓപ്പൺ മെരിറ്റ് സീറ്റുകളിൽ നിന്നും സ്പോർട്ട്സ് വിഭാഗത്തിനായി 5 ശതമാനവും വികലാംഗർക്കായി 3 ശതമാനവും നീക്കിവച്ചിട്ടുണ്ട്. വികലാംഗരുടെ സംവരണ സീറ്റുകളിൽ 1 ശതമാനം അന്ധർക്കായി നൽകണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

സ്പോർട്ട്സ് ക്വോട്ട

സ്പോർട്ട്സ് ക്വോട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ അവർക്ക് സംസ്ഥാന ജില്ല അടിസ്ഥാനത്തിൽ ലഭിച്ച സർട്ടിഫിക്കറ്റുകൾ പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിക്കേണ്ടതും പ്രിൻസിപ്പാൾ അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹയർ സെക്കണ്ടറി റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

WGPA തുല്യമായാലുള്ള പരിഹാരം

ഒന്നിലേറെ അപേക്ഷകർക്ക് ഒരേ WGPA ലഭിച്ചാൽ, അവർ ഗ്രൂപ്പിന് / കോമ്പിനേഷനു രേഖപ്പെടുത്തിയിട്ടുള്ള preference ന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകുക. അടുത്ത ഘട്ടമായി വെയ്റ്റേജിന് കണക്കിലെടുത്ത വിഷയങ്ങളുടെ ഉയർന്ന ജി.പി.എ പരിഗണിക്കണം. എന്നിട്ടും പരിഹാരമായില്ലെങ്കിൽ ഇംഗ്ലീഷിന്റെ ഉയർന്ന ജി.പി.എ. നോക്കണം. ടൈ പിന്നെയും നിലനിൽക്കുകയാണെങ്കിൽ അപേക്ഷകരുടെ പ്രാദേശിക പശ്ചാത്തലം മാനദണ്ഡമാക്കുക. പ്രാദേശിക പശ്ചാത്തലം നിശ്ചയിക്കുന്നതിനായി ആദ്യം അതേ

സ്കൂൾ തുടർന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതിനുശേഷം താലൂക്ക് അതു കഴിഞ്ഞ് ജില്ല എന്നിങ്ങനെ മുൻ ഗണനാക്രമം സ്വീകരിക്കാം.

ഇനിയും ഒന്നിലേറെപ്പേർ തുല്യനിലയിൽ അവശേഷിക്കുന്നെങ്കിൽ അവരുടെ കലാ-കായിക മത്സരങ്ങളിലെ നേട്ടങ്ങളും, ആവശ്യമെങ്കിൽ അടുത്തപടിയായി, പാഠ്യേതര പ്രവർത്തനങ്ങളിലെ മികവും തെളിവുകളുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് പ്രവേശനം നൽകുക. ഡിപ്പാർട്ട്മെന്റ് നടത്തുന്ന യുവജനോത്സവത്തിലും കായികമേളയിലുമുള്ള നേട്ടങ്ങൾക്കു പുറമേ ഇതര മത്സരങ്ങളിൽ Fine Arts ലും Literary Competition ലും Quiz ലും പ്രസംഗത്തിനും, ഡിബേറ്റിനും മറ്റും നേടിയ സമ്മാനങ്ങളും ഈ ഘട്ടത്തിൽ പരിഗണിക്കാം. സംസ്ഥാനം, ജില്ല സബ്ജില്ല സ്കൂൾ എന്നിങ്ങനെ തലങ്ങൾക്കുനരിച്ച് മുൻ ഗണന നിശ്ചയിക്കുക. Scout & Guide, Red Cross, Social Service Club, Science Club, Environment Club, Forestry Club, Philately Club, Oratory Club തുടങ്ങിയവയിലുള്ള പ്രവർത്തന പങ്കാളിത്തമാണ് പാഠ്യേതര പ്രവർത്തനങ്ങളിലെ മികവിന് കണക്കിലെടുക്കേണ്ടത്.

അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കി അഡ്മിഷൻ നടത്തുമ്പോൾ ഏറ്റവും കൂടുതൽപേർ ഒന്നാം ചോയ്സ് ആവശ്യപ്പെട്ടിട്ടുള്ള ഗ്രൂപ്പിന്റെ അഡ്മിഷൻ ലിസ്റ്റ് ആദ്യം തയ്യാറാക്കണം. ഒരു അഡ്മിഷൻ ലിസ്റ്റിലുള്ള മുഴുവൻ പേരും അഡ്മിഷനു വരുവാൻ സാധ്യതയില്ലാത്തുകൊണ്ട് മുഴുവൻ അപേക്ഷകരുടെയും ഒരു സപ്ലിമെന്ററി ലിസ്റ്റും അപേക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുകയും അതിൽ നിന്ന് കൂടിയുള്ള ആദ്യ ഗ്രൂപ്പിന്റെ അഡ്മിഷനു ശേഷം രണ്ടാം കോംബിനേഷന്റെ അഡ്മിഷൻ ആരംഭിക്കുകയും വേണം. രണ്ടാമത്തെ ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ ഒന്നാം ചോയ്സായി ആവശ്യപ്പെട്ടിട്ടുള്ള കോംബിനേഷനാണ് രണ്ടാമത് അഡ്മിഷൻ നൽകേണ്ടത്. തുടർന്നുള്ള പ്രക്രിയയ്ക്ക് ഈ രീതി തന്നെ അവലംബിക്കുക ഉയർന്ന WGPA ഉള്ള രണ്ടാം ചോയ്സ്, മൂന്നാം ചോയ്സ് എന്നിവർക്കും അഡ്മിഷൻ ലിസ്റ്റ് തയ്യാറാക്കുമ്പോൾ മുൻഗണന നൽകണം. ഉയർന്ന WGPA ഒരു കാരണവശാലും പരിഗണിക്കപ്പെടാതെ പോകാൻ പാടില്ല. ഓരോ കോംബിനേഷനും പ്രത്യേകം പ്രത്യേകം ലിസ്റ്റ് തയ്യാറാക്കുക. WGPA യുടെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുവേണം ലിസ്റ്റ് തയ്യാറാക്കാൻ ചോയ്സിന്റെ പേരിൽ ആരെയും മാറ്റി നിർത്താൻ പാടില്ല.

| ഫീസ് നിരക്ക് | (Rupees) |
|---|---|
| Application Fee | 5.00 |
| Admission Fee | 25.00 (for entire course of study) |
| Library Fee | 10.00 |
| Calendar Fee | 5.00 |
| Medical Inspection Fee | 5.00 |
| Lab. Fee | 25.00 (for Physics, Chemistry, Botany and Zoology separately |
| Audio Visual Unit Fee | 10.00 |

| | |
|---|---|
| Sports & Games | 25.00 |
| Stationery | 10.00 |
| Association Fee | 10.00 |
| Youth festival | 20.00 |
| Magazine | 10.00 |

Caution Deposit (at the time of admission)

Science Group – 50.00
Humanities / Commercial Group – 30.00

**പ്രായപരിധി**

അഡ്മിഷൻ നൽകുന്ന വർഷം ജൂൺ ഒന്നിന് ഇരുപത് വയസ്സ് തികയുവാൻ പാടില്ല. കുറഞ്ഞ പ്രായപരിധി പതിനഞ്ച് വയസ്സാണ്. കുറഞ്ഞ പ്രായപരിധിയിൽ ആറ് മാസം വരെ ഇളവ് നൽകാൻ ഡയറക്ടർക്ക് നൽകാൻ അധികാരമുണ്ട്. എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് രണ്ട് വർഷം വരെ ഉയർന്ന പ്രായ പരിധിയിൽ ഇളവ് അനുവദനീയമാണ്.

**എസ്.സി/എസ്.റ്റി സംവരണ സീറ്റുകൾ**

എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകളിൽ അപേക്ഷകർ വരാതെയിരുന്നാൽ അവർക്ക് രജിസ്റ്റേർഡായി അറിയിപ്പ് നൽകേണ്ടതാണ്. ഒഴിവുകൾ പിന്നെയും നിലനിൽക്കുകയാണെങ്കിൽ പ്രധാന ദിനപത്രങ്ങൾ മുഖേന പ്രസ്തുത വിവരം പ്രസിദ്ധപ്പെടുത്തേണ്ടതാണ്

പിന്നെയും ഏഴു ദിവസങ്ങൾക്കുശേഷം മാത്രമെ പ്രസ്തുത സീറ്റുകളിൽ മറ്റുള്ളവർക്കു പ്രവേശനം നൽകുവാൻ പാടുള്ളൂ. ഇങ്ങനെ ഉണ്ടാകുന്ന ഒഴിവുകളിൽ ആദ്യം ഒ.ഇ.സി. വിഭാഗത്തെയും അവരുടെ അഭാവത്തിൽ ഒ.ബി.സി. വിഭാഗത്തെയും ആണ് പരിഗണിക്കേണ്ടത്. പിന്നെയും ഒഴിവുണ്ടെങ്കിൽ മാത്രമേ ഓപ്പൺ മെറിറ്റിൽപ്പെട്ടവർക്ക് പ്രവേശനം നൽകാവൂ.

**അഡ്മിഷൻ ഷെഡ്യൂൾ**

1. അപേക്ഷകൾ വിതരണം ചെയ്തു തുടങ്ങേണ്ട തീയതി - 10-6-05
2. അപേക്ഷകൾ സ്വീകരിക്കേണ്ട അവസാന തീയതി - 20-6-05
3. അഡ്മിഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ട തീയതി - 24-6-05
4. ഇന്റർവ്യൂ തുടങ്ങേണ്ട തീയതി - 1-7-05
5. ക്ലാസ്സുകൾ തുടങ്ങേണ്ട തീയതി - 6-7-05
6. അഡ്മിഷൻ അവസാനിപ്പിക്കുവാനുള്ള തീയതി - 30-7-05

മേൽപ്പറഞ്ഞ വ്യവസ്ഥകളും തീയതി ക്രമവും കർശനമായി പാലിച്ചുകൊണ്ടു മാത്രമേ പ്രവേശനം നടത്തുവാൻ പാടുള്ളൂ. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്കൂളധികൃതരുടെ പേരിൽ മാതൃകാപരമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതാണ്.

അഡ്മിഷന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ഓരോ കോംബിനേഷനും പ്രത്യേകം പ്രത്യേകം ലിസ്റ്റ് പ്രസിദ്ധീകരിക്കണം. മാനേജ്മെന്റ് ക്വോട്ടയ്ക്കും, സ്പോർട്ട്സ് ക്വോട്ടയ്ക്കും റിസർവേഷൻ ക്വോട്ടയ്ക്കും (ഓരോ ജാതിയ്ക്കും പ്രത്യേകം) വെവ്വേറെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം

അഡ്മിഷൻ നടപടികൾ പൂർത്തിയാക്കി പത്ത് ദിവസത്തിനകം പ്രവേശനം ലഭിച്ച എസ്.സി/എസ്.റ്റി/ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട് അപേക്ഷകരുടെ പേരു വിവരങ്ങളടങ്ങിയ ലിസ്റ്റും മൊത്തം കുട്ടികളുടെ ആൺ/പെൺ തിരിച്ച് ബാച്ചടിസ്ഥാനത്തിലുള്ള കണക്കും (രണ്ടാംവർഷംമുൾപ്പെടെ) ജോയിന്റെ ഡയറകട്ർക്ക് (അക്കാഡമിക്) എത്തിച്ചുകൊടുക്കേണ്ടതാണ്.

ഡയറക്ടർ